REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 07-12-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **വന്ദേമാതരം ദേശീയഗീതത്തിന്റെ 150-ാം വാർഷികത്തോട് ബന്ധപ്പെട്ട് ലോക്സഭയിൽ നാളെ പ്രത്യേക ചർച്ച. പ്രധാനമന്ത്രി നരേന്ദ്രമോദി സംവാദത്തിന് തുടക്കമിടും.**
- **ഇന്ന് സായുധ സേനാ പതാകദിനം. ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും സായുധ സേനാംഗങ്ങൾക്ക് ആശംസകൾ അറിയിച്ചു.**
- **ഗോവയിൽ നിശാക്ലബ്ബ് തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും അനുശോചനം അറിയിച്ചു.**
- **സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന്റെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും - നാളെ നിശബ്ദ പ്രചാരണം. വോട്ടെടുപ്പ് ചൊവ്വാഴ്ച.**
- **FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമി ഫൈനലിൽ ഇന്ത്യ, ഇന്ന് ജർമ്മനിയെ നേരിടും.**

## വാർത്തകൾ വിശദമായി

വന്ദേമാതരം ദേശീയഗീതത്തിന്റെ 150-ാം വാർഷികത്തോട് ബന്ധപ്പെട്ട് ലോക്സഭയിൽ നാളെ പ്രത്യേക ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കമിടും. ഉച്ചക്ക് 12 മുതൽ മുഴുവൻ ദിവസവും സംവാദം തുടരുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. സർവ കക്ഷിയോഗമാണ് നാളെ വന്ദേമാതര വാർഷികവും മറ്റന്നാൾ തെരഞ്ഞെടുപ്പ് പരിഷ്കരണവും ചർച്ച ചെയ്യാൻ തീരുമാനിച്ചത്.

✪✪✪

ഇന്ന് സായുധ സേനാ പതാകദിനം. 1949 മുതലാണ് രക്തസാക്ഷികളെയും സൈനികരെയും ആദരിക്കാൻ ഡിസംബർ ഏഴ് സായുധ സേനാ പതാക ദിനമായി ആചരിക്കുന്നത്. ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും സായുധ സേനാംഗങ്ങൾക്ക് ആശംസകൾ അറിയിച്ചു.

സായുധ സേനാ പതാക ദിനത്തിൽ, ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ ഒരു മാസത്തെ ശമ്പളം സായുധ സേന പതാക ദിന ഫണ്ടിലേക്ക് സംഭാവന ചെയ്തു. രക്തസാക്ഷികളോടും, അവരുടെ കുടുംബങ്ങളോടും സൈനികരോടും, നന്ദി പ്രകടിപ്പിക്കാൻ ഉദാര സംഭാവന നൽകണമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിലൂടെ അഭ്യർത്ഥിച്ചു.

സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാനും സേനാംഗങ്ങൾക്ക് പതാക ദിനാശംസകൾ നേർന്നു. ദേശീയ സുരക്ഷയ്ക്ക് അവർ നൽകുന്ന അളവറ്റ സേവനവും പ്രതിബദ്ധതയും അനിതര സാധാരണമാണെന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്...

.........വോയ്സ്.....

അചഞ്ചലമായ ധൈര്യത്തോടെ രാജ്യത്തെ സംരക്ഷിക്കുന്ന ധീര സൈനികർക്ക് രാഷ്ട്രം നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സായുധസേന പതാക ദിന സന്ദേശത്തിൽ പറഞ്ഞു. സായുധസേനാ പതാക ദിന ഫണ്ടിലേക്ക് എല്ലാവരും സംഭാവന നൽകാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

സായുധ സേനകളുടെ ധീരതയെയും ത്യാഗങ്ങളെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. സൈനികരുടെ ധൈര്യം രാജ്യത്തെ സംരക്ഷിക്കുന്നുവെന്നും അവരുടെ നിസ്വാർത്ഥസേവനം ഒരിക്കലും വീട്ടാൻ കഴിയാത്ത കടപ്പാടായി നിൽക്കുന്നുവെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും സായുധ സേനാ പതാക ദിനത്തിൽ സൈനികർക്ക് ആശംസ നേർന്നു. കാർഫ്ലാഗുകളുടേയും, ടോക്കൺ ഫ്ലാഗുകളുടേയും വില്പനയിലൂടെ പതാക ദിന ഫണ്ട് സമാഹരിക്കുന്ന ദൗത്യത്തിൽ എല്ലാവരും പങ്കുചേരണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

മുഖ്യമന്ത്രി പിണറായി വിജയനും സൈനികർക്കും വിമുക്ത ഭടന്മാർക്കും, കുടുംബാംഗങ്ങൾക്കും അഭിവാദ്യങ്ങൾ നേർന്നു. രാഷ്ട്ര സേവനത്തെ കുറിച്ച് വിമുക്തഭടന്മാരുടെയും ആശ്രിതരടെയും അവസ്ഥയെ കുറിച്ചും ചിന്തിക്കാൻ ഈ ദിനം അവസരം തരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഗോവയിൽ നിശാക്ലബ്ബിലെ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. 6 പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ 4 പേർ വിനോദ സഞ്ചാരികളാണ്. ശരിയായ പരിശോധനകളില്ലാതെ നിശാ ക്ലബ്ബിന് അനുമതി നൽകിയ ഉദ്യോഗസ്ഥർ ഉൾപ്പെടെ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ കർശന നടപടിയെടുക്കു മെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു.

അർദ്ധ രാത്രിയോടെ ബാഗ ബീച്ചിലെ 'ബിർച്ച്' എന്ന ക്ലബ്ബിലാണ് LPG സിലിണ്ടർ പൊട്ടിത്തെറിച്ചെന്ന് കരുതുന്ന തീപിടുത്തമുണ്ടായത്.

✪✪✪

ഗോവയിലെ തീപിടുത്ത ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാരും അനുശോചനം അറിയിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് കൂടുതൽ ശക്തി ലഭിക്കട്ടെയെന്നും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ഉറ്റവരെ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾക്കൊപ്പമാണ് തന്റെ ചിന്തകളെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്തിനെ വിളിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി, അപകടത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞു. സാധ്യമായ എല്ലാ സഹായവും സംസ്ഥാന ഗവൺമെന്റ്, നൽകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി ആശംസിച്ചു.

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, JP നദ്ദ എന്നിവരും അനുശോചനം അറിയിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുന്നുണ്ടെന്നും ദുരിതബാധിതർക്ക് ആവശ്യമായ പരിചരണം നൽകുന്നുണ്ടെന്നും അമിത് ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സർദാർ വല്ലഭായി പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച സർദാർ@150 രാഷ്ട്രീയ ഏകതാ പദയാത്ര സമാപിച്ചു. പട്ടേലിന്റെ പൂർവിക ഗ്രാമമായ കരംസാദിൽ നിന്ന് ആരംഭിച്ച മാർച്ച്, 11 ദിവസത്തെ പര്യടനത്തിന് ശേഷം ഏകതാ നഗറിലെ ഏകതാ പ്രതിമക്ക് സമീപം ഇന്നലെയാണ് സമാപിച്ചത്. സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ മുഖ്യാതിഥിയായി. ഇന്ത്യയുടെ അമർത്യ ചൈതന്യത്തിന്റെ

ആഘോഷമാണ് മാർച്ചെന്നും, ഐക്യം, കടമ, രാഷ്ട്ര നിർമ്മാണത്തിന്റെ ആദർശങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്ന വേദിയായി ഏകാതാ പദയാത്ര മാറിയെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

പുരോഗതിയുടെ എല്ലാ മേഖലകളിലും നിർമ്മിത ബുദ്ധി, അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണെന്ന് ഇന്ത്യൻ ബഹിരാകാശ യാത്രികനും വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റനുമായ ശുഭാംശു ശുക്ല പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യയിലെ ആദ്യ, സിറ്റി സെൻട്രിക്, AI ഇന്നോവേഷൻ എഞ്ചിനായ, AI ഗ്രൈന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത് ഭാരത് 2047 എന്ന സ്വപ്നം സാക്ഷാത്കരിക്കാനാണ്  ശ്രദ്ധ നൽകേണ്ടതെന്നും ശുഭാംശു ശുക്ല പറഞ്ഞു.

✪✪✪

ഇൻഡിഗോ വിമാന സർവീസുകൾ വ്യാപകമായി മുടങ്ങിയതിൽ യാത്രക്കാർക്ക് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയാൻ നടപടി സ്വീകരിച്ചതായി കേന്ദ്രമന്ത്രി രാം മോഹൻ നായിഡു പറഞ്ഞു. ടിക്കറ്റ് നിരക്കിലെ  ഗണ്യമായ വർദ്ധന പരിഹരിക്കാൻ ആഭ്യന്തര വിമാന നിരക്കുകൾക്ക് വ്യോമയാന മന്ത്രാലയം പരിധി നിശ്ചയിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു. കൂടുതൽ അന്വേഷണത്തിന് ശേഷം ഇൻഡിഗോയ്ക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി.

യാത്രക്കാരുടെ റീഫണ്ട്, രാത്രി എട്ടിന് മുമ്പും  ബാഗേജ് ക്ലീയറിംഗ് 24 മണിക്കൂറിനകവും പൂർത്തീകരിക്കാൻ ഇൻഡിഗോയ്ക്ക്  കർശന നിർദേശം നൽകിയതായും  രാം മോഹൻ നായിഡു അറിയിച്ചു.

✪✪✪

ഇൻഡിഗോ വിമാന സർവീസുകൾ വ്യാപകമായി മുടങ്ങിയതിൽ വിശദീകരണം തേടി DGCA, ഇൻഡിഗോ മേധാവി, പീറ്റർ എൽബേഴ്സിന് കാരണം കാണിക്കൽ നോട്ടീസ് നൽകി. തുടർച്ചയായ അഞ്ചാം ദിവസവും സർവീസുകൾ മുടങ്ങിയതും യാത്രക്കാർ ദുരിതത്തിലാവുകയും ചെയ്തത് ഇൻഡിഗോയുടെ ആസൂത്രണത്തിലെയും മാനേജ്മെന്റിലെയും ഗുരുതര വീഴ്ചകളാണെന്ന് കാണിച്ചാണ് നോട്ടീസ്.

ഇന്നലെ മാത്രം 800-ലധികം വിമാനങ്ങൾ ഇൻഡിഗോ റദ്ദാക്കിയിരുന്നു.

✪✪✪

വിമാന സർവീസുകൾ റദ്ദാക്കിയതും ശൈത്യകാല തിരക്കും കണക്കിലെടുത്ത് വിവിധ സോണുകളിൽ നാളെ വരെ 89 പ്രത്യേക സർവീസുകൾ ഏർപ്പെടുത്തിയതായി റെയിൽവെ അറിയിച്ചു. പൂനെ, ബംഗലൂരു, ഡൽഹി, മുംബൈ, ചെന്നൈ, ഹൈദരാബാദ് എന്നിവയെ ബന്ധിപ്പിക്കുന്ന അധിക സർവീസുകളാണ് ഏർപ്പെടുത്തിയത്.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 51 കോടി വോട്ടർമാരുടെ 99.93 ശതമാനമാണിത്. 49 കോടിയിലേറെ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വെളിപ്പെടുത്തി. ഫെബ്രുവരി 14-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന്റെ പരസ്യ പ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. നാളെ നിശബ്ദ പ്രചാരണമാണ്. വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കലക്ടർമാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് ചൊവ്വാഴ്ച വോട്ടെടുപ്പ്. 36,630 സ്ഥാനാർത്ഥികൾ മറ്റന്നാളത്തെ തെരഞ്ഞെടുപ്പിൽ ജനവിധി തേടും. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നും വോട്ടെണ്ണൽ 13 നുമാണ്.

തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ പോസ്റ്റ് ഓഫീസുകൾ നാളെ വൈകിട്ട് ആറ് വരെ തുറന്നു പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയതായി പോസ്റ്റ് മാസ്റ്റർ ജനറൽ, തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. പോസ്റ്റൽ ബാലറ്റ് അപേക്ഷകളും ബാലറ്റുകളും അയക്കാനും സ്വീകരിക്കാനും വേണ്ടിയാണ് നടപടി.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് പ്രചാരണ പര്യടനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയനും BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും ഇന്ന് കോഴിക്കോട്ട്. മുഖ്യമന്ത്രി രാവിലെ പ്രസ് ക്ലബ്ബിൽ മീറ്റ് ദ ലീഡർ പരിപാടിയിൽ പങ്കെടുത്തു. വൈകിട്ട് ബീച്ചിൽ പൊതു സമ്മേളനത്തിലും അദ്ദേഹം സംബന്ധിക്കും.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വൈകിട്ട് ശ്രീനാരായാണ സെന്റിനറി ഹാളിൽ 'വികസിത കോഴിക്കോട്' സുഹൃദ്സംഗമത്തിൽ സംബന്ധിക്കും.

മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി തങ്ങൾ ഇന്ന് മുഖദാറിൽ കോഴിക്കോട് കോർപ്പറേഷൻ UDF തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംബന്ധിക്കും.

UDF സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P K കുഞ്ഞാലിക്കുട്ടി ഇന്ന് കണ്ണൂരിലെ വിവിധ ഭാഗങ്ങളിൽ പ്രചാരണം നടത്തി.

✪✪✪

ശബരിമല വിഷയത്തിൽ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഫലപ്രദവും കൃത്യവുമായ അന്വേഷണമാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട്ട് പറഞ്ഞു. പ്രസ് ക്ലബ് സംഘടിപ്പിച്ച മീറ്റ് ദ ലീഡർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വർണ കവർച്ച കേസിൽ ആരെയും സംരക്ഷിക്കില്ലെന്ന നിലപാടാണ് CPIMന്റേതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ MP-മാരുടെ പ്രവർത്തനം സംബന്ധിച്ച് സംവാദത്തിന് തയ്യാറാണെന്നും അവരുടെ പ്രവർത്തനത്തെ അഭിനന്ദിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രിസൈഡിങ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ, ഡ്യൂട്ടി ലഭിച്ചിട്ടും ഇതുവരെ പരിശീലനം കിട്ടാത്തവർ എന്നിവർക്ക് മറ്റന്നാൾ രാവിലെ ജില്ലാ പ്ലാനിംഗ് ഓഫീസ് കോൺഫറൻസ് ഹാളിൽ പരിശീലനം നൽകും. നേരത്തെ പരിശീലനത്തിൽ പങ്കെടുക്കാത്തവരെയും നിയമന ഉത്തരവ് ലഭിച്ചവരെയും വരണാധികാരികൾ വിവരം നൽകി പരിശീലനത്തിൽ നിർബന്ധമായും പങ്കെടുപ്പിക്കണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ കലക്ടർ അറിയിച്ചു.

✪✪✪

ശബരിമലയിൽ പുലർച്ചെ മുതൽ വൻ ഭക്തജനത്തിരക്ക് അനുഭവപ്പെടുകയാണ്. ആദ്യ ആറ് മണിക്കൂറിൽ 30,000ത്തിലേറെ പേർ ദർശനം നടത്തിയെന്നാണ് കണക്ക്. അയ്യാരത്തിൽ താഴെ ഭക്തർക്ക് മാത്രമാണ് ഇന്ന് സ്പോട്ട് ബുക്കിങ്ങിലൂടെ അനുമതി നൽകിയത്.

✪✪✪

തിരുവനന്തപുരം കോട്ടൂർ വനമേഖലയിൽ നിന്നെത്തിയ 167 പേരടങ്ങുന്ന കാണിഗോത്ര സംഘം പതിവു തെറ്റിക്കാതെ ഇത്തവണയും മലചവിട്ടി ദർശന സായൂജ്യം നേടി.

അഗസ്ത്യാർകൂടത്തിൽ നിന്ന് വ്രതശുദ്ധിയോടെ ശേഖരിച്ച കാഴ്ചദ്രവ്യങ്ങൾ കാണിഗോത്ര പ്രതിനിധികൾ അയ്യപ്പസ്വാമിക്ക് സമർപ്പിച്ചു.

തിരുവനന്തപുരത്ത് നിന്നും രജു കോലിയക്കോട് ...

......(വോയ്സ് ).....

കാണിഗോത്ര സംഘത്തിന്റെ നേതാവ് വിനോദ് കുമാറിന്റെ നേതൃത്വത്തിൽ 27 കുട്ടികളും 14 ഓളം മാളികപ്പുറങ്ങളും അടങ്ങുന്ന സംഘം മൂന്ന് കെ.എസ്.ആർ.ടി.സി ബസുകളിലായാണ് പമ്പയിലെത്തിയത്. അയ്യപ്പൻ എന്നു പേരുള്ള ഭിന്നശേഷിക്കാരനായ അംഗവും സംഘത്തിലുണ്ട്.

മുളങ്കുറ്റിയിൽ നിറച്ച കാട്ടുചെറുതേനും, ഈറ്റയിലും അരിചൂരലിലും നിർമിച്ച പൂജാപാത്രങ്ങളും കാട്ടുകുന്തിരിക്കവും കരിമ്പും കാട്ടിൽ വിളഞ്ഞ കദളിക്കുലകളും കാട്ടുപൂക്കളും അടങ്ങുന്ന വനവിഭവങ്ങളാണ് ഇവർ അയ്യന് കാഴ്ച്ചയർപ്പിച്ചത്.

പരിസ്ഥിതി സൗഹാർദ്ദമായ തീർത്ഥാടനം എന്ന സന്ദേശം കൂടിയാണ് ഇവരുടെ യാത്ര നൽകുന്നത്. വനത്തിനുള്ളിൽ നിന്നും വ്രതശുദ്ധിയോടെ ശേഖരിക്കുന്ന കാഴ്ച്ചദ്രവ്യങ്ങൾ കാട്ടുകൂവ ഇലകളിലാണ് പൊതിഞ്ഞെടുക്കുന്നത്. തലച്ചുമടായാണ് ഇവ സന്നിധാനത്ത് എത്തിച്ചത്.

നൂറ്റാണ്ടുകൾക്ക് മുൻപ് അഗസ്ത്യവനത്തിൽ നിന്ന് പശ്ചിമഘട്ട വനനിരകളിലൂടെ കാൽനടയായി വന്ന് ദർശനം നടത്തിയിരുന്ന പൂർവികരുടെ സ്മരണ പുതുക്കിയാണ് ഇവർ എത്തുന്നത്.

✪✪✪

FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമി ഫൈനലിൽ ഇന്ത്യ, ഇന്ന് ജർമ്മനിയെ നേരിടും. ചെന്നൈയിൽ, വൈകീട്ട് 8 ന് മത്സരം ആരംഭിക്കും.

✪✪✪

*News Editor  വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ,*
*DEO : സി കെ സുബോധ്*